## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3581 — 15.03.2018-ലെ മറുപടിയ്ക്ക്

### കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കിഫ്ബിയിൽ പത്ത് കോടി രൂപ വകയിരുത്തിയിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണത്തിനുദ്ദേശിക്കുന്ന സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം, കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയിലെ പ്രതിനിധികളുമായി ചേർന്ന് സന്ദർശിച്ചിരുന്നു. പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് സ്ഥലം കായിക വകുപ്പിന് കൈമാറുന്ന മുറയ്ക്ക് സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. |
| (ബി) | പ്രസ്തുത വർക്ക് നടത്തിയ കോൺട്രാക്ടറെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള ഫയൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | | |
| (സി) | പ്രസ്തുത കോൺട്രാക്ടറെ റിസ്ക് ആന്റ് കോസ്റ്റ് ടെർമിനേറ്റ് ചെയ്ത് ഒഴിവാക്കി സ്റ്റേഡിയം കിഫ്ബിക്ക് കൈമാറുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | | |
| (ഡി) | സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം കിഫ്ബി വഴി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ